സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാള്യം: 60 | ലക്കം: 66 | 2025 മെയ് 26 തിങ്കൾ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


### കണ്ടെയ്നറുകളിൽ ഒന്ന് ആലപ്പുഴ തീരത്തും; ഭിത്തിയിലിടിച്ച് പൊട്ടിപ്പൊളിഞ്ഞു, സാധനങ്ങൾ ഒഴുകി നടക്കുന്നു

കൊച്ചി: കൊച്ചിയിൽ മറിഞ്ഞ കപ്പലിലെ കണ്ടെയ്നറുകളിൽ ഒന്ന് ആലപ്പുഴ ആറാട്ടുപുഴ തീരത്തടിഞ്ഞു. തറയിൽക്കടവ് ഭാഗത്താണ് പുലർച്ചെ നാട്ടുകാർ കണ്ടെയ്നർ കണ്ടത്. കടലിൽ ഒഴുകിനടന്ന കണ്ടെയ്നർ പിന്നീട് കടൽ ഭിത്തിയിൽ വന്നിടിച്ച് പൊട്ടിപ്പൊളിഞ്ഞു. കണ്ടയ്നറിന് ഉള്ളിലുണ്ടായിരുന്ന പഞ്ഞികണക്കെയുള്ള സാധനങ്ങൾ കടലിൽ ഒഴുകി നടക്കുകയാണ്. രണ്ട് കണ്ടെയ്നർ കൂട്ടിച്ചേർത്ത നിലയിലായിരുന്നു ഉണ്ടായിരുന്നത്. ബോക്സിനു മുകളിൽ സോഫി ടെക്സ് എന്നാണ് പ്രിന്റ് ചെയ്തിട്ടുള്ളത്. നൂറുകണക്കിന് നാട്ടുകാരാണ് കാഴ്ച കാണാൻ എത്തിയത്. പോലീസ് സംഘമെത്തി ആൾക്കാരെ നിയന്ത്രിച്ചു.


സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com


## കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസ്

# ഇ.ഡി യുടെ രണ്ടാംഘട്ട കുറ്റപത്രം

കൊച്ചി: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) രണ്ടാം ഘട്ട കുറ്റപത്രം സമർപ്പിക്കുന്നു. എറണാകുളം പിഎംഎൽഎ കോടതിയിലാണ് കുറ്റപത്രം സമർപ്പിക്കുന്നത്. പ്രമുഖ സിപിഎം നേതാക്കളെ അടക്കം ചോദ്യം ചെയ്തതിന് പിന്നാലെയാണ് രണ്ടാം ഘട്ട കുറ്റപത്രം സമർപ്പിക്കുന്നത്.



നിലമ്പൂർ ഉപ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാതലത്തിലാണ് കുറ്റപത്രം സമർപ്പിക്കുന്നതെന്നത് സിപിഎമ്മിനെ ആശങ്കയിലാക്കിയിട്ടുണ്ട്. കൂടുതൽ സിപിഎം നേതാക്കൾ പ്രതിപട്ടികയിൽ ഉൾപ്പെടുന്ന പക്ഷം ഇത് തിരഞ്ഞെടുപ്പിലും പ്രതിഫലിക്കാനുള്ള സാധ്യത തള്ളികളയാനാവില്ല.

സിപിഎം തൃശ്ശൂർ മുൻ ജില്ലാ സെക്രട്ടറി എംഎം വർഗീസ്, മുൻ മന്ത്രി എസി മൊയ്ദീൻ, കെ രാധാകൃഷ്ണൻ എംപി എന്നിവരെ ഇഡി ചോദ്യം ചെയ്തിരുന്നു. ഇവരിൽ ആരെങ്കിലും പ്രതിപട്ടികയിൽ ഉൾപ്പെട്ടാൽ സിപിഎം കടുത്ത പ്രതിരോധത്തിലാകും.

### ദേശീയ പാതയിൽ മുടിക്കോട് ഗതാഗതക്കുരുക്ക്

തൃശ്ശൂർ: ദേശീയപാത 544 ൽ പാലക്കാട് ഭാഗത്തുനിന്ന് തൃശ്ശൂർ ദിശയിലേക്ക് വരുന്ന ഭാഗത്ത് മുടിക്കോടിൽ ഗതാഗതക്കുരുക്കുള്ളത്. ഏകദേശം അരമണിക്കൂർ വൈകിയാണ് ഗതാഗതം നടക്കുന്നത്. മുടിക്കോട് മുതൽ ചെമ്പൂത്ര വരെ ബ്ലോക്ക് തുടരുന്നുണ്ട്.


## ദുരന്തപ്പെരുമഴ തുടരുന്നു, കെടുതി രൂക്ഷം; തൃശൂർ–ഗുരുവായൂർ റെയിൽ പാതയിൽ വൈദ്യുതി ലൈനിൽ മരം വീണു

തൃശൂർ: സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മഴക്കെടുതി രൂക്ഷമായി തുടരുന്നു. ഇതുവരെ 7പേർ മഴക്കെടുതിയിൽ മരിച്ചു എന്നാണ് റിപ്പോർട്ടുകൾ. മരങ്ങൾ കടപുഴകിയും മണ്ണിടിഞ്ഞും വ്യാപകനാശനഷ്ടം ഉണ്ടായി. കനത്ത മഴവെള്ളപാച്ചിലിൽ പാലങ്ങളും ജനവാസ മേഖലകളും വെള്ളത്തിലായി. മലബാർ മേഖലയിൽ ശക്തമായ മഴയാണ് പുലർച്ചെ മുതൽ ലഭിക്കുന്നത്.

തൃശൂർ-ഗുരുവായൂർ റെയിൽപാതയിൽ മരംവീണ് ഗതാഗതം തടസപ്പെട്ടു. തൃശൂർ അമല ആശുപത്രി പരിസരത്ത് നിന്ന മരം റെയിൽവേ ട്രാക്കിലെ വൈദ്യുതിലൈനിലേക്കാണ് വീണത്. മരം നീക്കാൻ ശ്രമം ആരംഭിച്ചു. ഇന്ന് പുലർച്ചെയാണ് സംഭവം.

ഇതിനിടെ വെള്ളക്കെട്ട് കണ്ട് ബ്രേക്ക് ചെയ്ത വാഹനത്തിന് പിന്നാലെ വന്ന കാർ തലകീഴായി മറിഞ്ഞ് കോട്ടയം സ്വദേശിക്ക് പരിക്കേറ്റു. കളമശ്ശേരിയിൽ അപ്പോളോ ജംഗ്ഷനടുത്തുള്ള മേൽപ്പാലത്തിലാണ് സംഭവം. വെള്ളക്കെട്ടിൽ വാഹനം വീഴാതിരിക്കാൻ ബ്രേക്ക് ചെയ്തപ്പോൾ പിന്നാലെ കാറിൽ വരികയായിരുന്ന കോട്ടയം സ്വദേശി ജയിംസ് കാർ വെട്ടിച്ചു. ഇതോടെ നിയന്ത്രണം വിട്ട് പാലത്തിന്റെ കൈവരിയിലിടിച്ച് തലകീഴായി മറിയുകയായിരുന്നു. രാവിലെ 5.15നായിരുന്നു സംഭവം. ആലുവ ഭാഗത്തേക്ക് പോകുകയായിരുന്നു കാർ.

എറണാകുളം മൂവാറ്റുപുഴയിൽ വടക്കേകടവിൽ ഒരാളെ ഒഴുക്കിൽ പെട്ട് കാണാതായി. വള്ളിക്കട സ്വദേശി ജോബിനെയാണ് (42) ഇന്നലെ രാത്രി കാണാതായത്. കണ്ണൂരിലും വയനാട്ടിലും രാവിലെ ശക്തമായ



മഴയാണ് പെയ്യുന്നത്. മുത്തങ്ങ മന്മഥമൂലയിൽ റോഡിൽ വെള്ളം കയറി. കല്ലൂർപുഴയാണ് ഇവിടെ കരകവിഞ്ഞത്.

കണ്ണൂരിൽ മലയോരത്ത് കനത്ത മഴ തുടരുകയാണ്. കണ്ണൂരിലെ കുപ്പം പുഴ മണിക്കടവ്,ചപ്പാത്ത്, വയത്തൂർ എന്നീ പാലങ്ങൾ മുങ്ങി. കണ്ണൂരിലെ കുപ്പം പുഴ കരകവിഞ്ഞ് ഒഴുകുകയാണ്. സമീപത്തെ കടകളിൽ വെള്ളം കയറി. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി അങ്ങാടി കടവിൽ താൽക്കാലികമായി ഉണ്ടാക്കിയ പാലവും മുങ്ങി.

കോഴിക്കോട് ബാലുശേരി കോട്ട നടപ്പുഴയിൽ വെള്ളം കയറി തുടങ്ങി. കൊടിയത്തൂർ കാരാട്ട് പ്രദേശത്ത് റോഡിൽ വെള്ളക്കെട്ടുണ്ടായി. കനത്ത മഴയിൽ മണ്ണിടിഞ്ഞു. മലയോര ഹൈവേ നിർമ്മാണം നടക്കുന്ന ഏകരൂൽ - കക്കയം റോഡിൽ 26ാം മൈലിൽ മണ്ണിടിഞ്ഞു.

## ഇടഞ്ഞ് അൻവർ; ഷൗക്കത്തിനെ സ്ഥാനാർഥിയാക്കുന്നതിൽ അതൃപ്തി

നിലമ്പൂർ: ആര്യാടൻ ഷൗക്കത്തിനെ സ്ഥാനാർഥിയാക്കുന്നതിൽ അതൃപ്തി പരസ്യമാക്കി അൻവർ. യുഡിഎഫ് ഏത് സ്ഥാനാർത്ഥിയെ നിർത്തിയാലും പരിഗണിക്കും, പിന്തുണക്കും എന്നായിരുന്നു ആദ്യം അൻവർ പറഞ്ഞിരുന്നത്. എന്നാൽ ഇന്ന് വിളിച്ചുചേർത്ത വാർത്ത സമ്മേളനത്തിൽ ഷൗക്കത്തിനെ സ്ഥാനാർഥിയാക്കുന്നതിൽ അതൃപ്തി പ്രകടിപ്പിക്കുകയായിരുന്നു. ക്രൈസ്തവ വിഭാഗത്തിൽ നിന്നുള്ള ഒരു സ്ഥാനാർത്ഥി ആയിരുന്നു വേണ്ടതെന്ന് അൻവർ പറഞ്ഞു.

ആര്യാടൻ ഷൗക്കത്തിനെ നിർത്തിയാൽ മുസ്ലിം സംഘടനകളുടെ ഉൾപ്പെടെ പിന്തുണ ഉണ്ടാവില്ലെന്ന് ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു എന്നതുൾപ്പെടെയുള്ള കാര്യങ്ങളും അൻവറുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്നുണ്ട്. അൻവറിന്റെ ലക്ഷ്യം ആത്യന്തികമായി യുഡിഎഫ് പ്ര



വേശനമാണ്. ഈ അവസരത്തിൽ തന്നെ ഒരു സമ്മർദ്ദ തന്ത്രം ചെലുത്തിക്കൊണ്ട് ലക്ഷ്യത്തിലേക്ക് എത്താനാണ് അൻവറിന്റെ ശ്രമം.

ആര്യാടൻ ഷൗക്കത്തിനെ യുഡിഎഫ് സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കുകയാണെങ്കിൽ അൻവർ ഒറ്റയ്ക്ക് മത്സരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുമെന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം. കോൺഗ്രസ് ഒരു സമവായ സ്ഥാനാർത്ഥിയെ പരിഗണിക്കുന്ന ഘട്ടത്തിൽ അൻവർ കൂടി ഇങ്ങനെ ഇടഞ്ഞുനിൽക്കുന്നത് കോൺഗ്രസിനെ സംബന്ധിച്ച് ആശങ്കയും വെല്ലുവിളിയും ഉണ്ടാക്കുന്നതാണ്.

അതേസമയം, അൻവറിന്റെ ക്രിസ്ത്യൻ സ്ഥാനാർഥി പരാമർശത്തിൽ പ്രതികരിക്കാനില്ലെന്ന് ആര്യാടൻ ഷൗക്കത്ത് വ്യക്തമാക്കി. ഉപതിരഞ്ഞെടുപ്പിൽ അൻവറിന്റെ പിന്തുണ പ്രതീക്ഷിക്കുന്നുണ്ടെന്നും സ്ഥാനാർഥി ആരായാലും യുഡിഎഫ് സജ്ജമാണെന്നും അദ്ദേഹം പറഞ്ഞു.

കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഒരു സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കാൻ അതിന്റേതായ ചില കാര്യങ്ങളുണ്ട്. അതുകഴിഞ്ഞ് യുഡിഎഫ് ഐക്യമായി സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കും. ആ സ്ഥാനാർത്ഥിക്ക് വേണ്ടി സദാ സജ്ജമായി നിലമ്പൂർ ഒരുങ്ങിയിരിക്കും. അദ്ദേഹം പറഞ്ഞു.

## യുവതിയെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ പങ്കാളി അറസ്റ്റിൽ; കാണാതായ കുട്ടിയെ പിടിച്ചുവെച്ചതും പ്രതി

തിരുനെല്ലി: പങ്കാളിയുടെ വെട്ടേറ്റ് യുവതി മരിച്ച സംഭവത്തിൽ ഒളിവിലായിരുന്ന പ്രതി പിടിയിൽ. സംഭവത്തിനുപിന്നാലെ കാണാതായ ഒമ്പതുവയസുകാരിയേയും കണ്ടെത്തിയതായി പോലീസ് അറിയിച്ചു. ഞായറാഴ്ച രാത്രി ഒമ്പതുമണിയോടെയാണ് തിരുനെല്ലി ചേകാടി വാകേരിയിൽ വാടകയ്ക്ക് താമസിക്കുന്ന എടയൂർകുന്ന് സ്വദേശി പ്രവീണ (34) കൊല്ലപ്പെട്ടത്. ഇവരോടൊപ്പം കഴിഞ്ഞിരുന്ന ദിലീഷാണ് കൊലപാതകം നടത്തിയത്. രാത്രി മുഴുവൻ നീണ്ട തിരച്ചിലിനൊടുവിൽ ഇന്ന് രാവിലെയോടെയാണ് ദിലീഷിനേയും കുട്ടിയേയും കണ്ടെത്തിയത്.

ഭർത്താവ് സുധീഷുമായി അകന്നുകഴിഞ്ഞിരുന്ന പ്രവീണ മക്കളായ അനർഘ (14), അബിന (9) എന്നിവർക്കൊപ്പമാണ് വാകേരിയിൽ താമസിച്ചിരുന്നത്. ദിലീഷിന്റെ ആക്രമണത്തിൽ മൂത്തകുട്ടിയായ അനർഘയ്ക്കും പരിക്കേറ്റിരുന്നു. കഴുത്തിനും ചെവിക്കും വെട്ടേറ്റ അനർഘയെ വയനാട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. സംഭവത്തിന് പിന്നാലെ ഇളയ കുട്ടി അബിനയേയും ദിലീഷിനേയും കാണാതായിരുന്നു.

ആക്രമണം കണ്ട് ഭയന്ന കുട്ടി ഓടിരക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ വഴിതെറ്റി വനത്തിൽ അകപ്പെട്ടിരിക്കാം എന്നായിരുന്നു പോലീസിന്റെ നിഗമനം. വനത്തോട് ചേർന്നുള്ള പ്രദേശമാണ് അപ്പപ്പാറ. സ്ഥലത്തെ കനത്ത മഴയും തിരച്ചിലിനെ ദു



ഷ്കരമാക്കിയിരുന്നു. ആർആർടി സംഘവും നാട്ടുകാരും പോലീസും ചേർന്ന് നടത്തിയ തെരച്ചിലിൽ തിങ്കളാഴ്ച രാവിലെയോടെയാണ് കുട്ടിയേയും ദിലീഷിനേയും കണ്ടെത്തിയത്. കുട്ടിയെ ദിലീഷ് തട്ടിക്കൊണ്ട് പോവുകയായിരുന്നു എന്നാണ് വിവരം.

കൊലപാതകം നടന്ന വീടിന് മീറ്ററുകൾക്കപ്പുറത്ത് വനമേഖലയോട് ചേർന്നുള്ള ഒരു ഒഴിഞ്ഞ വീട്ടിൽനിന്നാണ് ഇരുവരേയും കണ്ടെത്തിയത്. ദിലീഷ് കുട്ടിയെ ഇവിടെ പിടിച്ചുവെച്ചിരിക്കുകയായിരുന്നു. മണിക്കൂറുകൾ നീണ്ട ആശങ്കയ്ക്ക് വിരാമമിട്ടുകൊണ്ട് പോലീസ് കുട്ടിയെ രക്ഷപ്പെടുത്തി ദിലീഷിനെ കസ്റ്റഡിയിലെടുത്തു. തിരുനെല്ലി പോലീസ് സ്റ്റേഷനിൽ എത്തിച്ചശേഷം കുട്ടിയെ പ്രാഥമിക ചികിത്സനൽകുന്നതിനായി അടുത്തുള്ള ആശുപത്രിയിലേക്ക് മാറ്റി. കൊലപാതകം നടന്ന സ്ഥലത്ത് ഇൻക്വസ്റ്റ് നടപടികൾ പുരോഗമിക്കുകയാണ്.

## തൃശ്ശൂർ സ്വരാജ് റൗണ്ടിൽ കെട്ടിടത്തിന്റെ മേൽക്കൂര പൊളിഞ്ഞുവീണു; പരിഭ്രാന്തി, ആളുകളെ ഒഴിപ്പിച്ചു

തൃശ്ശൂർ: സ്വരാജ് റൗണ്ടിൽ കനത്ത മഴയ്ക്കിടെ കെട്ടിടത്തിന്റെ മേൽക്കൂര പൊളിഞ്ഞുവീണു. അപകടാവസ്ഥയിലായിരുന്ന കെട്ടിടം ഒരുവർഷമായിട്ടും പൊളിച്ചുനീക്കിയിരുന്നില്ല. കഴിഞ്ഞ വർഷം ഇതേ കെട്ടിടത്തിന്റെ ഗ്ലാസ് പാനൽ അടർന്നുവീണ് ഫുട്പാപാത്തിലൂടെ നടന്നുപോയിരുന്ന യാത്രക്കാരന് പരിക്കേറ്റിരുന്നു.

സ്വരാജ് റൗണ്ടിൽ ഇന്നലെ രാത്രിയാണ് അപകടം നടന്നത് എന്നാണ് വിവരം. ഇന്നലെ തൃശൂരിൽ അതിശക്തമായി മഴ പെയ്തിരുന്നു. കുറേനാളുകളായി കെട്ടിടത്തിന്റെ ബലക്ഷയം സംബന്ധിച്ച് നിരവധി പരാതികളുണ്ടായിരുന്നു. കെട്ടിടം പൊളിച്ചുനീക്കണമെന്ന് ഫയർ



ഫോഴ്സ് റിപ്പോർട്ട് നൽകിയിരുന്നതുമാണ്.

എന്നാൽ ഇക്കാര്യത്തിൽ തൃശ്ശൂർ കോർപ്പറേഷന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് കനത്ത മഴയ്ക്കിടെ കെട്ടിടത്തിന്റെ മേൽക്കൂര പൊളിഞ്ഞുവീണത്. കെട്ടിടത്തിന്റെ താഴെയുള്ള കടകളിലെ ആളുകളെ ഒഴിപ്പിച്ചിട്ടുണ്ട്. കെട്ടിടം അപകടാവസ്ഥയിലായതിനാൽ ഇതിന്റെ സമീപത്തുകൂടി നടക്കാനും അനുവദിക്കില്ല.

## ഫ്രാങ്കോ മുളയ്ക്കലിനെതിരെയുള്ള നടപടിക്കായി സമരം ചെയ്ത സിസ്റ്റർ അനുപമ സഭാവസ്ത്രം ഉപേക്ഷിച്ചു

ആലപ്പുഴ: കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ടുള്ള സമരത്തിന്നേതൃത്വം നൽകിയ സിസ്റ്റർ അനുപമ സഭാവസ്ത്രം ഉപേക്ഷിച്ചു. അനുപമയിപ്പോൾ പള്ളിപ്പുറം ഇൻഫോപാർക്കിലെ ഐടി സ്ഥാപനത്തിൽ ഡേറ്റ എൻട്രി ഓപ്പറേറ്ററായി ജോലി ചെയ്യുകയാണെന്നാണ് വിവരം.

എംഎസ്ഡബ്ല്യൂ ബിരുദധാരിയാണ് അനുപമ. ജലന്തർ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന കുറവിലങ്ങാട്ടെ സന്ന്യാസി മഠത്തിലായിരുന്നു അനുപമ സേവനമനുഷ്ഠിച്ചിരുന്നത്. ഒന്നരമാസം മുമ്പ് അവിടെ നിന്ന് ആലപ്പുഴയിലെ സ്വന്തം വീട്ടിലെത്തുകയായിരുന്നു. വിഷയത്തിൽ അനുപമ പ്രതികരിച്ചിട്ടില്ല.

2014 മുതൽ 2016 വരെ 13 തവണ ബിഷപ്പ് ഫ്രാങ്കോ പീഡി



പ്പിച്ചു എന്നായിരുന്നു കന്യാസ്ത്രീയുടെ പരാതി. പരാതി നൽകിയിട്ടും ഫ്രാങ്കോയ്ക്കെതിരെ നടപടിയെടുക്കാതായതോടെയാണ് കന്യാസ്ത്രീകൾ സമരം ചെയ്ത്. പിന്നീട് ഫ്രാങ്കോയെ അറസ്റ്റ് ചെയ്തെങ്കിലും ജാമ്യം കിട്ടി. 2022 ജനുവരിയിൽ കുറ്റവിമുക്തനാക്കുകയും ചെയ്തിരുന്നു


### കോടതി പരസ്യം

**ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ**

OP(MV): 2416/2022

Haneefa
–Petitioner

Sirajudheen, S/o. Moideen, Vadakkepurath House, Veliyamcode P.O., Ponnani, Malappuram
1st Respondent

മേൽ നമ്പ്രിൽ 1-ാം എതൃ കക്ഷിക്കെതിരെയുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യാൻ കല്പിച്ച് കേസിന്റെ വിചാരണ 18-11-2025 തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 26-05-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**പി കെ ജോൺ** (ഒപ്പ്)


## ഐബി ഉദ്യോഗസ്ഥയുടെ മരണം; പ്രതി സുകാന്ത് കീഴടങ്ങി, നീക്കം അറസ്റ്റ് സാദ്ധ്യത മുന്നിൽകണ്ട്

കൊച്ചി: ഐബി ഉദ്യോഗസ്ഥയുടെ മരണത്തിൽ പ്രതിയായ സഹപ്രവർത്തകൻ മലപ്പുറം എടപ്പാൾ സ്വദേശി സുകാന്ത് സുരേഷ് കീഴടങ്ങി. കൊച്ചി സെൻട്രൽ പൊലീസ് സ്റ്റേഷനിലെത്തിയാണ് കീഴടങ്ങിയത്. സുകാന്തിന്റെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി രാവിലെ തള്ളിയിരുന്നു. ഇതിനുപിന്നാലെയായിരുന്നു കീഴടങ്ങൽ. അറസ്റ്റിനുള്ള സാദ്ധ്യത മുന്നിൽകണ്ടാണ് പ്രതി കീഴടങ്ങിയതെന്നാണ് വിവരം.

ജസ്റ്റിസ് ബെച്ചു കുര്യൻ തോമസിന്റെ ബെഞ്ചാണ് സുകാന്തിന്റെ ജാമ്യാപേക്ഷ തള്ളിയത്. ഐബി ഉദ്യോഗസ്ഥയുടെമേൽ പ്രതിക്ക് വ്യക്തമായ സ്വാധീനമുണ്ടായിരുന്നതായി കോടതി നിരീക്ഷിച്ചിരുന്നു. പ്രതി സാമ്പത്തികമായും മാനസികമായും ശാരീരികമായും പെൺകുട്ടിയെ ഉപദ്രവിച്ചതായി സംശയിക്കാനുള്ള സാഹചര്യങ്ങളുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി. കോടതിക്ക് മുന്നിലുള്ള തെളിവുകൾ പ്രതിക്ക് എതിരാണ്. പ്രതിയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യേണ്ട സാഹചര്യമുണ്ടെന്നും കോടതി ജാമ്യാപേക്ഷ തള്ളിക്കൊണ്ട് പറഞ്ഞു.

സുകാന്തിന്റെ അറസ്റ്റ് വൈകുന്നതിൽ ഹൈക്കോടതി കഴിഞ്ഞദിവസം അതൃപ്തി വ്യക്തമാക്കിയിരുന്നു. ആധുനിക കാലത്ത് ഒരാൾക്ക് രണ്ടു മാസത്തോളം എങ്ങനെ ഒളിവിൽ കഴിയാനാകുമെന്ന് ആരാഞ്ഞ കോടതി, പൊലീസിന്റെ വിശദീകരണം തള്ളുകയും ചെയ്തിരുന്നു. പ്രതി മറ്റൊരു സഹപ്രവർത്തകയെയും ചൂഷണം ചെയ്തിട്ടുണ്ടെന്ന് പ്രോസിക്യൂഷൻ ബോധിപ്പിച്ചു. യുവതിയെ പ്രതി മാനസികമായും ശാരീരികമായും പീഡിപ്പിച്ചിരുന്നു. സാമ്പത്തികമായും ചൂഷണം ചെയ്തു. വിവാഹബന്ധത്തിൽ നിന്നു സുകാന്ത് പിൻമാറിയതാണ് ആത്മഹത്യയ്ക്ക് കാരണമെന്നാണ് യുവതിയുടെ വീട്ടുകാരുടെ ആരോപണം. വിവാഹത്തെ യുവതിയുടെ വീട്ടുകാർ എതിർത്തതാണ് യുവതിയെ മാനസിക സമ്മർദ്ദത്തിലാക്കിയതെന്നായിരുന്നു സുകാന്തിന്റെ ഹർജിയിലെ വാദം.

ഐബി ഉദ്യോഗസ്ഥയെ ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചത് പ്രതി സുകാന്താണെന്ന് തെളിയിക്കുന്ന ടെലഗ്രാം ചാറ്റ് പൊലീസ് കഴിഞ്ഞദിവസം വീണ്ടെടുത്തിരുന്നു. നീ എപ്പോൾ മരിക്കുമെന്ന സുകാന്തിന്റെ ആവർത്തിച്ചുള്ള ചോദ്യത്തിന് ഓഗസ്റ്റ് 9നെന്നായിരുന്നു യുവതിയുടെ മറുപടി. ഫെബ്രുവരി 9നാണ് ചാറ്റ് നടന്നത്. അതിനുശേഷം ചാറ്റ് നടന്നിട്ടില്ല.

### കുടിശിക കൈമാറി സപ്ലൈകോ, സമരം പിൻവലിച്ച് കരാറുകാർ; റേഷൻ വിതരണം പുനരാരംഭിക്കും

തൃശൂർ :റേഷൻ സാധനങ്ങൾ ഗോഡൗണുകളിൽനിന്നു റേഷൻ കടകളിൽ 'വാതിൽപടി' വിതരണം നടത്തുന്ന ഗതാഗത കരാറുകാരുടെ 2 മാസത്തെ ബിൽ കുടിശികയായ 40 കോടിയിൽപരം രൂപ ബാങ്ക് അക്കൗണ്ടുകളിലൂടെ സപ്ലൈകോ കൈമാറി. ഇതോടെ ഈമാസം 9 മുതൽ തുടരുന്ന സമരം പിൻവലിച്ചു

ഇന്നു വിതരണം പുനരാരംഭിക്കാൻ കരാറുകാർ തീരുമാനിച്ചു.ബിൽ കുടിശിക നൽകാനായി ഭക്ഷ്യപൊതുവിതരണ വകുപ്പിനു സർക്കാർ 50 കോടി രൂപ ഏതാനും ദിവസം മുൻപ് അനുവദിച്ചെങ്കിലും ട്രഷറി നിയന്ത്രണങ്ങൾ മൂലം നൽകാനായില്ല. ഈ മാസത്തിൽ പൂർണ റേഷൻ വിഹിതം നൽകാനുള്ള, പച്ചരി,ആട്ടം, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ സാധനങ്ങൾ ഒന്നും തന്നെ റേഷൻ കടകളിൽ ഇല്ലായിരുന്നു.

ഇതുകാരണം ജനങ്ങളും, റേഷൻ വ്യാപാരികളും ഒരുപോലെ ബുന്ധിമുട്ടിലായിരുന്നു.സ്റ്റോക്കുണ്ടായിരുന്ന മട്ട അരിയായിന്നു ആകെ പല കടകളിലും വിതരണം ചെയ്തിരുന്നത്.

## യാത്രക്കാർക്ക് ഇനി വൻ തുക ലാഭിക്കാം, കുറഞ്ഞ ചെലവിൽ ആനുവൽ പാസ്; പുതിയ ടോൾ നയം പരിഗണനയിൽ

ന്യൂഡൽഹി: ഹൈവേ യാത്രകളിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും വാഹന ഉടമകളുടെ ചെലവ് കുറയ്ക്കുന്നതിനുമുള്ള പുതിയ ടോൾ നയം കേന്ദ്ര സർക്കാർ പരിഗണിക്കുന്നതായി റിപ്പോർട്ട്. ഫാസ്ടാഗ് വാർഷിക പാസ് സൗകര്യം ഉൾപ്പെടെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ടോൾ നയം എന്നാണ് ടൈം ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ പറയുന്നത്. പ്രതിവർഷം 3,000 രൂപയുടെ ഒറ്റത്തവണ പേയ്മെന്റ് നടത്തിയാൽ ദേശീയപാതകളിലും എക്സ്പ്രസ് വേകളിലും പരിധിയില്ലാത്ത യാത്ര സാദ്ധ്യമാക്കുന്നതാണ് വാർഷിക പാസ്.

ഫാസ്ടാഗുമായി ബന്ധപ്പെട്ട് ഒരു ഇരട്ട പേയ്മെന്റ് സംവിധാനമാണ് റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം പരിഗണിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു. വാർഷിക പാസ് അല്ലെങ്കിൽ ദൂരം അടിസ്ഥാനമാക്കിയുള്ള നി



രക്ക് ഉപയോക്താക്കൾക്ക് തിരഞ്ഞെടുക്കാൻ ഇതിലൂടെ അവസരം ലഭിക്കും. 3,000 രൂപയുടെ ഒറ്റത്തവണ ഫാസ്ടാഗ് റീച്ചാർജ് വഴി സ്വകാര്യ വാഹന ഉടമകൾക്ക് ഒരു വർഷത്തേക്ക് എല്ലാ ദേശീയ പാതകളിലും സംസ്ഥാന എക്സ്പ്രസ് വേകളിലും അധിക ടോൾ ഇല്ലാതെ യാത്ര ചെയ്യാൻ സാധിക്കും. നിലവിലെ ടോൾ പ്ലാസ ഫീസ് ഘടനയ്ക്ക് പകരം 100 കിലോമീറ്ററിന് 50 രൂപ എന്ന നിശ്ചിത ടോൾ ഏർപ്പെടുത്തുന്നതാകാം രണ്ടാമത്തെ സംവിധാനമെന്നും റിപ്പോർട്ടിൽ പറയുന്നു.

നിലവിലുള്ള ഫാസ്ടാഗ് തന്നൊകും പുതിയ സംവിധാനങ്ങളിലും ഉപയോഗിക്കുക. അതിനിടെ 15 വർഷത്തേക്ക് 30,000 രൂപ അടയ്ക്കേണ്ട ലൈഫ് ടൈം ഫാസ്ടാഗ് എന്ന മുമ്പത്തെ നിർദേശം സർക്കാർ മാറ്റിവച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. തടസമില്ലാത്ത യാത്ര ഉറപ്പാക്കാൻ ടോൾ ബൂത്തുകൾ ഒഴിവാക്കി പകരം സെൻസർ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ ടോൾ ശേഖരണം ഏർപ്പെടുത്താനും നയം ലക്ഷ്യമിടുന്നുണ്ട്. ടോൾ പിരിവിനായി ഇത്




RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# കാറ്റിലും മഴയിലും ഇരിങ്ങാലക്കുട മേഖലയിൽ നഷ്ടങ്ങൾ; മരങ്ങൾ വീണ് വീടുകൾക്കും വാഹനങ്ങൾക്കും നാശം

ഇരിങ്ങാലക്കുട : ശക്തമായ കാറ്റിലും മഴയിലും ഇരിങ്ങാലക്കുട മേഖലയിൽ കനത്ത നഷ്ടം. കാറ്റിൽ മരങ്ങൾ വീണ് വൈദ്യുതി ലൈനുകൾ തകർന്ന് വിവിധ കേന്ദ്രങ്ങളിലെ വൈദ്യുതി വിതരണം മുടങ്ങി. മരം റോഡിൽ വീണ് സിവിൽ സ്റ്റേഷൻ റോഡിലൂടെയുള്ള ഗതാഗതവും കുറച്ച് നേരത്തേക്ക് സ്തംഭിച്ചു. മഴയിൽ മാടായിക്കോണം പള്ളിപ്പുറത്ത് കുമാരന്റെ വീട് തകർന്നു. കുമാരനും കുടുംബവും ബന്ധുവീടുകളിലേക്ക് താമസം മാറ്റി. കൊറ്റനെല്ലൂരിൽ മരം വീണ് വയമ്പാട്ട് വീട്ടിൽ ഷിജീഷിന്റെ വീട് ഭാഗികമായി തകർന്നു. അവിട്ടത്തൂരിൽ തെങ്ങ് വീണ് കോക്കാട്ട് രാജു ഫ്രാൻസിസിന്റെ വീടിനും വാഹനങ്ങൾക്ക് കേടുകൾ സംഭവിച്ചു. അവിട്ടത്തൂർ തന്നെ മരങ്ങൾ വീണ് ജില്ലാ റൂറൽ എസ്പിയുടെ ക്യാമ്പ് ഓഫീസിലെ വാഹനങ്ങൾക്ക് ചെറിയ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

തിരു: സംസ്ഥാനത്ത് തോരാമഴ. മഴക്കെടുതിയിൽ 7 മരണം. 11 ജില്ലകളിൽ റെഡ് അലെർട്ട്. 10 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

* സംസ്ഥാനത്ത് മഴ കനത്ത സാഹചര്യത്തിൽ 10 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുള്ളത്. സ്പെഷ്യൽ ക്ലാസുകളും ട്യൂഷൻ ക്ലാസുകളുമുൾപ്പെടെ ഇന്ന് വയ്ക്കരുതെന്നും വിവിധ ജില്ലകളിലെ കലക്ടർമാർ അറിയിച്ചിട്ടുണ്ട്.

* **സംസ്ഥാനത്ത് 11 ജില്ലകളിൽ റെഡ് അലെർട്ട്**. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളൊഴിച്ചുള്ള 11 ജില്ലകളിലാണ് കേന്ദ്രകാലാവസ്ഥാ വകുപ്പ് റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. അതിതീവ്രമായ മഴയ്ക്കുള്ള സാധ്യതയാണ് ഈ ജില്ലകളിൽ പ്രവചിച്ചിരിക്കുന്നത്.

* **സംസ്ഥാനത്ത് മഴക്കെടുതിയിൽ ഏഴു മരണം**. കോഴിക്കോട് സഹോദരങ്ങൾ ഷോക്കേറ്റ് മരിച്ചു. കോടഞ്ചേരി ചന്ദ്രൻകുന്നേൽ ബിജു- ഷീബ ദമ്പതികളുടെ മക്കളായ നിധിൻ (14), എബിൻ (10) എന്നിവരാണ് മരിച്ചത്. തേക്കിന്റെ കൊമ്പ് കാറ്റത്ത് ഒടിഞ്ഞ് വൈദ്യുതി ലൈനിൽ പതിക്കുകയായിരുന്നു. പിന്നാലെ വൈദ്യുതി ലൈൻ പൊട്ടി തോട്ടിൽ വീണാണ് അപകടം. ഈ സമയം രണ്ടുപേരും തോട്ടിൽ മീൻ പിടിക്കാൻ ഇറങ്ങിയതായിരുന്നുവെന്നാണ് വിവരം. കോഴിക്കോട് ഓടുന്ന ബൈക്കിന് മുകളിലേക്ക് തെങ്ങ് വീണാണ് ഒരാൾ മരിച്ചത്. ഇടുക്കി പാമ്പാടുംപാറയിൽ മരം വീണ് തൊഴിലാളി സ്ത്രീ മരിച്ചു. കൊടുങ്ങല്ലൂരിൽ വഞ്ചി മറിഞ്ഞ് ഒരാൾ മരിച്ചു. പാലക്കാട് മഴക്കെടുതിയിൽ 2 പേരാണ് മരിച്ചത്.

* **സംസ്ഥാനത്ത് കാലവർഷം ശക്തിപ്രാപിച്ചതോടെ വിവിധ ജില്ലകളിൽ വ്യാപക നാശ നഷ്ടം.** കണ്ണൂർ ആലക്കോട് കനത്ത മഴയിൽ രണ്ട് വീടുകൾ തകർന്നു. മലപ്പുറം പൊന്നാനിയിൽ കടലാക്രമണം രൂക്ഷമായതിനെ തുടർന്ന് മുൻകരുതലിന്റെ ഭാഗമായി അഞ്ചു കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു.പത്തനംതിട്ട ജില്ലയിലും മഴയിലും ശക്തമായ കാറ്റിലും വ്യാപക നാശനഷ്ടമുണ്ടായി. ആലപ്പുഴയിൽ ശക്തമായ കാറ്റിലും മഴയിലും രണ്ടിടങ്ങളിലായി മരം വീണ് വീട് തകർന്നു. കനത്ത മഴയിൽ തൃശൂർ ചെന്ത്രാപ്പിന്നി പപ്പടം നഗറിൽ വെള്ളം കയറി മുപ്പതോളം വീടുകൾ വെള്ളത്തിലായി. മഴ ശക്തിപ്പെട്ട സാഹചര്യത്തിൽ വയനാട്ടിലെ വൈത്തിരി ഫെസ്റ്റ് നിർത്തിവെച്ചു. മുത്തങ്ങയിൽ വൈദ്യുതി പോസ്റ്റ് തകർത്ത് റോഡിന് കുറുകെ മരം വീണു. സുൽത്താൻ ബത്തേരിയിൽ മരക്കൊമ്പ് പൊട്ടിവീണ് വിദ്യാർത്ഥിനിക്ക് പരുക്കേറ്റു.

* സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കാലാവസ്ഥാ വ്യതിയാനം കാരണം നിരവധി പകർച്ചവ്യാധികൾ ഉണ്ടാകാൻ സാധ്യതയുണ്ട്. വെള്ളം കയറാൻ സാധ്യതയുള്ള ആരോഗ്യ സ്ഥാപനങ്ങൾ ആവശ്യമായ ബദൽ ക്രമീകരണങ്ങൾ ഒരുക്കാനും രോഗലക്ഷണങ്ങൾ കണ്ടാൽ ചികിത്സ തേടാനും മന്ത്രി അഭ്യർത്ഥിച്ചു.

* ദേശീയപാത രാമനാട്ടുകര-വളാഞ്ചേരി റീച്ചിൽ വീണ്ടും നിർമ്മാണത്തിൽ അപാകത. മലപ്പുറം കാക്കഞ്ചേരി ഭാഗത്ത് റോഡ് 25മീറ്ററോളം വിണ്ടു കീറി. ഇന്നലെ 12 മണിയോടെയാണ് സംഭവം നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടത്. ഈ ഭാഗം വഴിയുള്ള ഗതാഗതം തൽക്കാലത്തേക്ക് നിർത്തിവെച്ചു. സർവീസ് റോഡ് വഴിയാണ് വാഹനങ്ങൾ പോകുന്നത്. ഇതേ റീച്ചിലെ കുരിയാട്, തലപ്പാറ, മമ്മാലിപ്പടി എന്നിവിടങ്ങളിലെ നിർമ്മാണ അശാസ്ത്രീയതകൾ കഴിഞ്ഞ ദിവസങ്ങളിൽ പുറത്തുവന്നിരുന്നു.

## അരിമ്പൂരിൽ മിന്നൽ ചുഴലി; തോട്ടുപുര പമ്പ് ഹൗസ് തകർന്നു



## കൈപ്പറമ്പ് കൊള്ളന്നൂർ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്തു




പുറ്റേക്കര: കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ നാലാം വാർഡിൽ, കൊള്ളന്നൂർ ഗാന്ധി കുടിവെള്ള പദ്ധതി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് വിഎസ് പ്രിൻസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്തിന്റെയും, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത മായാണ് 22.5 ലക്ഷം രൂപയാണ് പദ്ധതിക്കായി ചെലവഴിചത്.

രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കൊള്ളന്നൂർ പ്രദേശത്തെ കുടുംബങ്ങൾക്കാണ് ഈ പദ്ധതി മൂലം കുടിവെള്ള, വീട്ട് കണക്ഷനുകൾ നൽകിയിട്ടുള്ളത്. യോഗത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് കെ കെ ഉഷാദേവി ടീച്ചർ അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പറും വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സനുമായ LINTY ഷിജു സ്വാഗതം പറഞ്ഞ ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം ജിമ്മി ചൂണ്ടൽ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ലീല രാമകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെഎം ലെനിൻ, ക്ഷേമകാര്യ ചാണ്ടിങ് കമ്മിറ്റി ചെയർമാൻ കെ. ബി. ദീപക്, മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് വാർഡ് വികസന സമിതി കൺവീനർ സി. വി.കുരിയാക്കോസ്, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ മേരി പോൾസൺ, സി.ഓ. ഔസേപ്പ് ഗുണഭോക്ത സമിതി കൺവീനർ സുരേഷ് കുമാർ എന്നിവർ സംസാരിച്ചു.

## പുളിക്കലച്ചിറപാലം അഴിമതി നടപടി വേണം: കേരള കോൺഗ്രസ്




പടിയൂർ: പടിയൂർ പഞ്ചായത്തിലെ കോടംകുളം റോഡിൽ നിർമ്മിക്കുന്ന പുളിക്കലച്ചിറ പാലത്തിന്റെ നിർമ്മാണത്തിൽ വലിയ പിഴവ്നടത്തിയവർക്കെതിരെ നടപടി വേണമെന്ന് കേരള കോൺഗ്രസ് പടിയൂർ മണ്ഡലം കമ്മിറ്റി. പാലം നിർമ്മാണത്തിലെ അഴിമതി, അശാസ്ത്രീയതഎന്നിവക്കെതിരെ കേരള കോൺഗ്രസ് പടിയൂർ മണ്ഡലം കമ്മിറ്റി നിർദ്ദിഷ്ട പാലത്തിന് സമീപം പ്രതിഷേധ ധർണ്ണ നടത്തി. മണ്ഡലം പ്രസിഡന്റ് ഫിലിപ്പ് ഓളാട്ടുപുറം അധ്യക്ഷത വഹിച്ചു. പ്രതിഷേധ ധർണ്ണ ജില്ലാജനറൽ സെക്രട്ടറി സേതുമാധവൻ പറയം വളപ്പിൽ ഉദ്ഘാടനം ചെയ്തു.

നിയോജക മണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ മുഖ്യപ്രഭാഷണം നടത്തി.ഭാരവാഹികളായ ബിജോയ് ചിറയത്ത്, അജിത സദാനന്ദൻ, ഷക്കീർ മങ്കാട്ടിൽ, ആന്റോ ഐനിക്കൽ, ആന്റോ ചാഴൂർ, ഷീജ, അഷ്ക്കർ മങ്കാട്ടിൽ, ബൈജു പതിശ്ശേരി, ബെന്നി വഞ്ചിപ്പുര എന്നിവർ പ്രസംഗിച്ചു.

## വാരിയർ സമാജം സമ്മേളനം സമാപിച്ചു




ഇരിങ്ങാലക്കുട: സമസ്ത കേരള വാര്യർ സമാജം സാംസ്കാരിക സമ്മേളനം മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് പി.കെ. മോഹൻ ദാസ് അധ്യക്ഷത വഹിച്ചു. പ്രഥമ ഉണ്ണായിവാരിയർ പുരസ്കാരം പത്മശ്രീ കലാമണ്ഡലം ഗോപിക്കും, എൻ .വി. കൃഷ്ണവാര്യർ അവാർഡ് കവി കെ.വി. രാമകൃഷ്ണനനും മന്ത്രി സമർപ്പിച്ചു. നഗരസഭാധ്യക്ഷ മേരിക്കുട്ടി ജോയ്, കൂടൽമാണിക്യം ദേവസ്വം ചെയർമാൻ അഡ്വ സി.കെ. ഗോപി, സാംസ്കാരിക പ്രവർത്തക സോണിയ ഗിരി, സിനിമ നിർമ്മാതാവ് ലക്ഷ്മി വാര്യർ, ജനറൽ സെക്രട്ടറി വി.വി. മുരളീധരൻ, കോ. ഓഡിനേറ്റർ എ.സി. സുരേഷ് എന്നിവർ പ്രസംഗിച്ചു. രാവിലെ മാലകെട്ട് മത്സരം, സാംസ്കാരിക ഘോഷയാത്ര, മെഗാ തിരുവാതിര എന്നിവ നടന്നു. വനിതാസംഗമം കഥാകൃത്ത് കെ. രേഖയും, യുവജന സംഗമം കണ്ണൻ സി. എസ്. വാരിയരും ഉദ്ഘാടനം ചെയ്തു.

സമാപന സമ്മേളനം ജയരാജ് വാര്യർ ഉദ്ഘാടനം ചെയ്തു. ടി.വി. ശ്രീനിവാസ വാര്യർ അധ്യക്ഷത വഹിച്ചു. കോട്ടയ്ക്കൽ ആര്യവൈദ്യശാല ജോ ജി.എം. പി. രാജേന്ദ്രൻ, കെ. ഉണ്ണികൃഷ്ണവാര്യർ, എസ്. ശങ്കരവാരിയർ എന്നിവർ പ്രസംഗിച്ചു.

## പഠനോപകരണ വിതരണവും ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസും നടത്തി

തൃശൂർ :കടങ്ങോട് പഞ്ചായത്തിലെ 8ാം വാർഡ് പ്രധാനമന്ത്രി നരേന്ദ്രമോദി സേവാ സമിതിയുടെ നേതൃത്വത്തിൽ പഠനോപകരണ വിതരണവും ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസും എസ് എസ് എൽ സിയിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികളെ അനുമോദിക്കലും നടന്നു.

വാർഡിലെ 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്നമുഴുവൻ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ നൽകി .

ബിജെപി തൃശ്ശൂർ നോർത്ത് ജില്ലാ പ്രസിഡന്റ് അഡ്വ.നിവേദിത സുബ്രഹ്മണ്യം പരുപാടി ഉദ്ഘാടനം ചെയ്തു. കുന്നംകുളം റേഞ്ച് എക്സൈസ് ഉദ്ധ്യോഗസ്ഥനായ ഗണേശൻ പിള്ള ലഹരിവിരുദ്ധ ബോധവൽക്കരണം ക്ലാസ്സ്നടത്തി. വെള്ളറക്കാട് വിവേകസാഗരം യു പി സ്കൂൾ പ്രധാന അദ്ധ്യാപിക വിജയശ്രീ ടീച്ചർ മുഖ്യാതിഥിയായി .

വാർഡ് മെമ്പർ ധനീഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ 4-ാം വാർഡ് മെമ്പർ അഭിലാഷ് സ്വാഗതം പറഞ്ഞു.

നവീൻ കൃഷ്ണപ്രസാദ്, ശരത്ത്, ദിലീപ് ,മിഥുൻ രാജ്, മണികണ്ഠൻ, ബിജേഷ്, വൈശാഖ്, ഗൗതം, അർജ്ജുൻ എന്നിവർ നേതൃത്വം നൽകി.400 ഓളം കുട്ടികൾക്ക് പഠനോപകരണ വിതരണം നടത്തി.




വികസിത കേരളം ബിജെപി കൊരട്ടി പഞ്ചായത്ത്ശില്പ ശാല ബിജെപി ടഇ മോർച്ച സംസ്ഥാന പ്രസിഡന്റ് ഷാജുമോൻ വട്ടേക്കാട് ഉത്ഘാടനം ചെയ്യുന്നു

## വൈദ്യുതി ബിൽ കുടിശ്ശിക തീർക്കാൻ സുവർണാവസരം, ആകർഷക ഇളവുകളുമായി കെ എസ് ഇ ബി

തൃശൂർ:ആകർഷകമായ ഇളവുകളോടെ കുടിശ്ശിക തീർക്കാൻ അവസരമൊരുക്കി കെ എസ് ഇ ബി. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ രണ്ട് വർഷത്തിനു മുകളിൽ പഴക്കമുള്ള കുടിശ്ശികകൾ അനായാസം തീർപ്പാക്കാം.

പത്ത് കൊല്ലത്തിനു മുകളിൽ പഴക്കമുള്ള കുടിശ്ശികയുടെ 18 ശതമാനം നിരക്കിൽ വരുന്ന പലിശ പൂർണമായും ഒഴിവാക്കി നൽകും.

5 മുതൽ 10 വർഷം വരെയുള്ള കുടിശ്ശികയ്ക്ക് 18 ശതമാനത്തിനു പകരം നാല് ശതമാനം മാത്രം പലിശ നൽകിയാൽ മതി. രണ്ട് മുതൽ അഞ്ച് വർഷം വരെയുള്ള കുടിശ്ശികയ്ക്ക് 18 ശതമാനത്തിനു പകരം ആറ് ശതമാനം പലിശ നൽകിയാൽ മതി. പലിശതുക ആറ് മാസത്തെ തുല്യഗഡുക്കളായി അടയ്ക്കാനും അവസരമുണ്ട്. മുതലും പലിശയും ഒരുമിച്ച് അടച്ചുതീർക്കുന്നവർക്ക് മുതലിൽ അഞ്ച് ശതമാനം അധിക ഇളവും ലഭിക്കും. അതായത് ബിൽ കുടിശ്ശികയുടെ 95 ശതമാനം മാത്രം അടച്ചാൽ മതിയാകും. കുടിശ്ശിക തീർപ്പാക്കാൻ ഇത്രയേറെ ഇളവുകൾ ഇതാദ്യമാണ്.

റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നതോ കോടതി വ്യവഹാരത്തിലുള്ളതോ ആയ കുടിശ്ശികകളും കേബിൾ ടി വി ഉടമകളുടെ വൈദ്യുത പോസ്റ്റ് വാടക കുടിശ്ശികയും ഈ പദ്ധതിയിലൂടെ തീർപ്പാക്കാനാകും. ലോ ടെൻഷൻ ഉപഭോക്താക്കൾക്ക് അതത് സെക്ഷൻ ഓഫീസിലും ഹൈ ടെൻഷൻ ഉപഭോക്താക്കൾക്ക് സ്പെഷ്യൽ ഓഫീസർ റവന്യൂ കാര്യാലയത്തിലുമാണ് ഈ സേവനം ലഭ്യമാവുക. ്വേ.സലെയ.ശി എന്ന വെബ് സൈറ്റ് സന്ദർശിച്ചും ഈ പദ്ധതിയുടെ ഭാഗമാകാം.

## ഭരണഘടന സംരക്ഷണജാഥ

തൃശൂർ: നാഷണൽ ലീഗ് തൃശൂർ ജില്ലാ കമ്മറ്റിയുടെ ഭരണഘടന സംരക്ഷണ ഓഫ തിരുവില്വാമലയിൽ നിന്നാരംഭിച്ചു. 29ന് തൃശൂരിൽ സമാപിക്കും. പ്രസിഡന്റ് സയ്യിദ് .ഷബിൽ ഐദ്റു സി തങ്ങൾ നേതൃത്വം നൽകുന്നു

## വക്കീൽ ഗുമസ്തൻ സുബ്രഹ്മണ്യൻ അന്തരിച്ചു



കുന്നംകുളം : കേരള അഡ്വക്കറ്റ് ക്ലർക്ക് അസോസിയേഷൻ കുന്നംകുളം യൂണിറ്റ് സെക്രട്ടറി തുപ്പത്ത് കണ്ടാറു മകൻ സുബ്രഹ്മണ്യൻ (50) നിര്യാതനായി. സംസ്കാരം 3മണിക്ക് എലവത്തൂർ ക്രിമിറ്റോറിയത്തിൽ. 2:30 ന് ബോഡി വീട്ടിൽ നിന്ന് കൊണ്ട് പോകും.

## കെ.എസ്.ഇ .ബി പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളന സംഘാടക സമിതി രൂപീകരിച്ചു




തൃശൂർ: ഈ വരുന്ന ജൂലായ് 18, 19, 20 തിയ്യതികളിൽ തൃശൂർ വെച്ച് നടക്കുന്ന ഗടഋആ പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗത സംഘ രൂപീകരണ യോഗം തൃശൂർ മോത്തിമഹൽ ഓഡിറ്റോറിയത്തിൽ വെച്ച് സംസ്ഥാന പ്രസിഡണ്ട് എൻ. വേണുഗോപാലൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ജനറൽ സെക്രട്ടറി ബി.ശശികുമാർ സമ്മേളന വിശദീകരണം നടത്തി. കെ.എ സ്. ജോർജ്ജ് മാസ്റ്റർ (KSSPU ജില്ല ജോ. സെക്രട്ടറി), കെ.വി. ജോണി (KSRTC PO), പി. ശശീധരൻ സി. പ്രദീപൻ, എൻ. ജി.സന്ദീപ്, എൻ.കെ.അജയൻ അശോകൻ കെ (സംസ്ഥാന വൈസ് പ്രസിഡന്റ്),ജി. ശ്രീകുമാരിയമ്മ (സംസ്ഥാനകൺവീനർ, വനിവേദി), എൻ. രമാഭായ് (സംസ്ഥാന വൈ. പ്രസിഡന്റ്) എന്നിവർ സംസാരിച്ചു.

സംസ്ഥാന കമ്മറ്റി അംഗം എൻ.ടി. ബേബി താഴെ പറയുന്ന സംഘാടക സമിതി നിർദ്ദേശം അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. രക്ഷാധികാരികളായി ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ മന്ത്രി), കെ.രാജൻ ( റവന്യൂ മന്ത്രി), സുരേഷ് ഗോപി (പെട്രോളിയം - ടൂറിസം കേന്ദ്ര സഹമന്ത്രി) കെ.രാധാകൃഷ്ണൻ (ആലത്തൂർ എം.പി.)ബെന്നി ബഹനാൻ (ചാലക്കുടി എം.പി) ചെയർമാൻ. ഏ.സി. മൊയ്തീൻ (കുന്നംകുളം എം.എൽ എ). വർക്കിംഗ് ചെയർമാൻ എൻ. ഗോപിനാഥൻ (സംസ്ഥാന പ്രസിഡണ്ട്), ജനറൽ കൺവീനർ ബി.ശശികുമാർ (സംസ്ഥാന ജനറൽ സെക്രട്ടറി) തുടങ്ങിയ 501 അംഗ കമ്മറ്റിയെ തിരഞ്ഞെടുത്തു.

സംസ്ഥാന സെക്രട്ടറി ഏ.ജെ. പോൾ സ്വാഗതവും ജില്ല സെക്രട്ടറി എ.ബി.മുഹമ്മദ് സഗീർനന്ദിയും പറഞ്ഞു.

## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട കുടുംബ കോടതി മുമ്പാകെ

MC: 26/2024

Nasrin Shajudeen, aged 23 years, D/o. Shajudeen P.A., Peediekkal House, MLA Road, Nattika P.O., Nattika Village, Chavakkad Taluk, Thrissur District.Pin-680566. Rep. by power of attorney holder Mother Femina, aged 43 years, W/o. Shajudeen P.A., Peediekkal House, MLA Road, Nattika P.O., Nattika Village, Chavakkad Taluk, Thrissur District.Pin-680566.

-ഹരജിക്കാരി

Mohammed Akbar, aged 30 years, S/o. Noorudheen, Vaipipadath House, Santhipuram P.O., Ala (Old Sreenarayanapuram) Village, Kodungallur Taluk, Thrissur District, Pin-680668

- എതൃകക്ഷി

നിങ്ങൾ എതൃകക്ഷിയായിട്ടുള്ള മേൽ നമ്പർ കേസ് **17-07-2025** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം നിങ്ങൾ നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ നമ്പർ കേസിൽ നിങ്ങളെ എക്സ്പാർട്ടിയാക്കി ഉത്തരവുണ്ടാകുന്നതാണെന്ന സംഗതി ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു.

എന്ന്, 26-05-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**പി വി ഗോപകുമാർ** ഇരിങ്ങാലക്കുട (ഒപ്പ്)

## കാലവർഷം: സാഹോദര്യ കേരള പദയാത്ര താത്കാലികമായി നിർത്തി വയ്ക്കുന്നു: വെൽഫെയർ പാർട്ടി

തിരു: ഏപ്രിൽ 19-ന് തിരുവനന്തപുരത്ത് നിന്നാരംഭിച്ച പദയാത്ര കേരളത്തിലെ വിവിധ ജില്ലകളിൽ ആവേശകരമായ പര്യടനം പൂർത്തിയാക്കി കണ്ണൂർ ജില്ലയിൽ എത്തിച്ചേർന്നിരിക്കുകയാണ്.

പതിവിൽ നിന്നും വ്യത്യസ്തമായി കാലവർഷം നേരത്തെ ആരംഭിക്കുകയും മഴ ശക്തി പ്രാപിക്കുകയും ചെയ്ത സാഹചര്യത്തിൽ പദയാത്രയിലെ ശേഷിക്കുന്ന പരിപാടികൾ മറ്റൊരു സന്ദർഭത്തിലേക്ക് മാറ്റി വെക്കുകയാണെന്ന് വെൽഫെയർ പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി എസ്. ഇർഷാദ് പത്രക്കുറിപ്പിൽ അറിയിച്ചു. കേരളത്തിൽ പല സ്ഥലങ്ങളിലും മഴക്കെടുതിയും മറ്റു ദുരന്തങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യവും നിലവിലുണ്ട്.

രാഷ്ട്രീയ കേരളത്തിൻറെ ചരിത്രത്തിൽ ഇടം പിടിച്ച മുന്നേറ്റമായി സാഹോദര്യ കേരള പദയാത്രയെ സ്വീകരിക്കുകയും വിജയിപ്പിക്കുകയും ചെയ്ത എല്ലാ ജനാധിപത്യ വിശ്വാസികൾക്കും സഹപ്രവർത്തകർക്കും സംസ്ഥാന കമ്മിറ്റിയുടെ സാഹോദര്യ അഭിവാദ്യങ്ങൾ അറിയിക്കുന്നുവെന്ന് എസ്. ഇർഷാദ് പറഞ്ഞു.



കെ.പി. നമ്പൂതിരീസ് ആയുർവ്വേദിക്സിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം നിലവിളക്കു കൊളുത്തി കല്യാൺ ജ്വല്ലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ നിർവ്വഹിക്കുന്നു. മാനേജിംഗ് ഡയറക്ടർ കെ. ഭവദാസൻ, വൈദ്യരത്നം ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ഇ.ടി. നീലകണ്ഠൻ മൂസ്സ്, കൊളത്താപ്പള്ളി കൃഷ്ണൻ നമ്പൂതിരി, മുതിർന്ന മാധ്യമപ്രവർത്തകൻ ആർ. ശ്രീകണ്ഠൻ നായർ എന്നിവർ സമീപം.

## കെ.പി. നമ്പൂതിരീസ് ആയുർവ്വേദിക്സിന്റെ ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു

തൃശ്ശൂർ: പ്രമുഖ ആയുർവ്വേദ ഹെർബൽ ബ്രാൻഡായ കെ പി നമ്പൂതിരീസ് ആയുർവ്വേദിക്സിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ലുലു കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങ് കല്യാൺ ജ്വല്ലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ ഉദ്ഘാടനം ചെയ്തു. മാനേജിംഗ് ഡയറക്ടർ കെ. ഭവദാസൻ അദ്ധ്യക്ഷത വഹിച്ചു.

വൈദ്യരത്നം ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ഇ.ടി. നീലകണ്ഠൻ മൂസ്സ്, മുതിർന്ന മാധ്യമപ്രവർത്തകൻ ആർ. ശ്രീകണ്ഠൻ നായർ, കെ.പി. നമ്പൂതിരീസ് സെയിൽസ് ഹെഡ് വൈശാഖ് നാരായണൻ എന്നിവർ സംസാരിച്ചു.

പ്രശസ്ത സിനിമാതാരം ആശാ ശരത്തിന്റെ നൃത്തപരിപാടിയും, ഗായകൻ അനൂപ് ശങ്കറിന്റെ സംഗീത വിരുന്നുമുണ്ടായിരുന്നു.

## ഇന്റർസിറ്റി എക്സ്പ്രസ്സിന് പുതുക്കാട് സ്റ്റോപ്പ് അനുവദിക്കണം: സിറ്റിസൺഫോറം

ഗുരുവായൂർ തിരുവനന്തപുരം ഇന്റർസിറ്റി എക്സ്പ്രസ്സിന് പുതുക്കാട് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ്അനുവദിക്കണമെന്ന് കേരള സിറ്റിസൺ ഫോറം പുതുക്കാട് നിയോജക മണ്ഡലം കൺവെൻഷൻ ആവശ്യപ്പെട്ടു. സിറ്റിസൺ ഫോറം സംസ്ഥാന പ്രസിഡന്റ് പി ജെ ആന്റണി കൺവെൻഷൻ ഉത്ഘാടനം ചെയ്തു. പി കെ പോൾ അധ്യക്ഷനായിരുന്നു. ജില്ലാ പ്രസിഡന്റ് കെ കെ വിദ്യാധരൻ, സെക്രട്ടറി കെ ആർ രാജേന്ദ്രൻ, കോ കോർഡിനേറ്റർ ഡോക്ടർ മാർട്ടിൻ പി പോൾ, പി ജി മോഹനൻ, സി എം മധുമാസ്റ്റർ, സി വി മുഹമ്മദാലി, പി ആർ വിജയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ആശ സമരം ഒത്തുതീർപ്പാക്കാൻ സർക്കാർ സന്നദ്ധമാകണമെന്നും വന്യമൃഗ അക്രമണങ്ങളിൽ നിന്ന് മലയോര ജനതയെ സംരക്ഷിക്കാനും തെരുവ് നായ്ക്കളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കാനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു. നിയോജകമണ്ഡലം ഭാരവാഹികൾ ആയി പി കെ പോൾ (പ്രസിഡന്റ്), പി ആർ വിജയകുമാർ(സെക്രട്ടറി), പി സി രവി (വൈ.പ്രസിഡന്റ്), കെ സി കാർത്തികേയൻ (ജോയിന്റ് സെക്രട്ടറി), പി ജി മോഹനൻ (സംസ്ഥാന കമ്മിറ്റി അംഗം)പി ഡി ഡെന്നീസ്.

## കരീം പന്നിത്തടത്തിനെ ആദരിച്ചു



ഗുരുവായൂർ: താമരയൂർ ഇൻസൈറ്റ് സ്പെഷ്യൽ സ്കൂളിൽ നടന്ന ക്യാമ്പ് സമാദരണ സമ്മേളനത്തിൽ വെച്ച് സാമൂഹിക പ്രവർത്തകനായ കരീം പന്നിത്തടത്തിനെ കേരള വഖഫ് ബോർഡ് ചെയർമാൻ എം.കെ. സക്കീർ ഉപഹാരം നൽകി ആദരിച്ചു. സ്ക്കൂൾ രക്ഷാധികാരി റിട്ടേർഡ് ഡി. വൈ.എസ്.പി. കെ.ബി. സുരേഷ് അദ്ധ്യക്ഷത വഹിച്ചു.

ചാവക്കാട് ഹായത്ത് ഹോസ്പിറ്റൽ മാനേജിങ് ഡയറക്ടർ ഡോക്ടർ ഷൗജാദ് മുഹമ്മദ്, ഇൻസൈറ്റ് പ്രിൻപ്പാൾ ഫാരിദ ഹംസ, ലത്തീഫ് മമ്മിയൂർ, ഡോക്ടർ സോമസുന്ദരൻ,മാരിയത്തുൽ ഹിസാന,ഇന്ദിര സോമസുന്ദരൻ ലിഷ കൃഷ്ണകുമാർ സീനത്ത് റഷീദ്,നിഷിദ ഹലിം എന്നിവർ പങ്കെടുത്തു.

## പുകവലി നിർത്താൻ എൻജോയ് ഹോമിൽ സൗജന്യ ഹിപ്നോ തെറാപ്പി

തൃശൂർ: ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും, പ്രത്യാഘാതങ്ങളുമുണ്ടാക്കുന്നതും, ഭാവിയിൽ പലതരത്തിലുള്ള മാരകമായ ലഹരി ഉപയോഗങ്ങളിലേക്ക് നയിച്ചേക്കാവുന്നതുമായ പുകവലി ശീലം നിർത്തുന്നതിനു വേണ്ടി, അമേരിക്കൻ സൈക്കോളജിക്കൽ അസോസിയേഷന്റെ അന്തർദ്ദേശീയ അഫിലിയേഷനുള്ള തൃശൂർ അയ്യന്തോളിലെ എൻജോയ് ഹോം കൗൺസലിങ്ങ് സെന്ററിൽ ഹിപ്നോ തെറാപ്പി ചികിത്സ!

ലോക പുകവലി വിരുദ്ധ ദിനമായ മെയ് 31 നാണ് എൻജോയ് ഹോം കൗൺസലിങ്ങ് സെന്ററിൽ സൗജന്യമായി ഹിപ്നോ തെറാപ്പി നടത്തുന്നതെന്ന് എൻജോയ് ഹോം ഡയറക്ടർ പത്രക്കുറിപ്പിലൂടെ അറിയിച്ചു.

രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണി വരെ വിവിധ സെഷനുകളിൽ പുകവലി ശീലം നിർത്താൻ സഹായിക്കുന്ന തെറാപ്പി നടത്തും. ഇത്തരം പരിശീലന പദ്ധതികളിലൂടെ നിരവധി പേർ പുകവലി വിമുക്തരായിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു.

എൻജോയ് ഹോം ചെയർമാനും സീനിയർ സൈക്കോളജിസ്റ്റുമായ ഡോ. റെന്നി ആന്റണി, എൻജോയ് ഹോം ഡയറക്ടറും, ചീഫ് കൺസൾട്ടന്റുമായ ഡോ. പി എം ജവഹർലാൽ എന്നിവരുടെ നേതൃത്വത്തിലാണ് ഫ്രീ രജിസ്ട്രേഷനിലൂടെ സൗജന്യ തെറാപ്പി നൽകുന്നത്. മെയ് 30 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 9847336331

## കോടതി പരസ്യം

### ബഹു. തൃശ്ശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 3479/2015, IA: 2683/2019

ഇൻസൈറ്റ് ചിട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ഊരകം

-അന്യായം

1) തൃശൂർ താലൂക്ക് വെളിയന്നൂർ ദേശത്ത് കനകത്ത് വീട്ടിൽ രാമൻമേനോൻ മകൻ 55 വയസ്, രാമചന്ദ്രൻ
2) കൊട്ടാരക്കര താലൂക്ക് ഏഴുകോൺ വില്ലേജ് ദേശത്ത് പുത്തൻവീട്ടിൽ അയ്യപ്പൻ മകൻ 56 വയസ് ബാലകൃഷ്ണൻ
3) ഒറ്റപ്പാലം താലൂക്ക് ഷൊർണ്ണൂർ വില്ലേജ് ദേശത്ത് ശ്രീനിലയം വീട്ടിൽ നാരായണൻ മകൻ 53 വയസ് ശ്രീധരൻ

-1, 2, 3 പ്രതികൾ

**പത്രപരസ്യം**

മേൽ നമ്പറിൽ 1 മുതൽ 3 കൂടിയ പ്രതികൾക്കെതിരെയുള്ള സമൻസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിനു വേണ്ടി പത്രത്തിൽ പരസ്യം ചെയ്യുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് വിചാരണക്കായി **21-06-2025** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് 1 മുതൽ 3 കൂടിയ പ്രതികളോ ക്രമപ്രകാരം ചുമതലപ്പെടുത്തിയ അഭിഭാഷകനോ കോടതിയിൽ ഹാജരായി കേസ് കാര്യത്തിൽ പത്രിക സമർപ്പിക്കാത്ത പക്ഷം നിങ്ങളുടെ ഭാഗം കേൾക്കാതെ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 24-05-2025
അന്യായഭാഗം അഡ്വക്കെറ്റ്
**എൻ എസ് രമേഷ്** (ഒപ്പ്)